**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

വയനാട് ദുരന്തമേഖലയിലെ പുനരധിവാസം ത്വരിതപ്പെടുത്തൽ

മി.സ്പീക്കർ: വയനാട് ദുരന്തമേഖലയിൽ ജനങ്ങളുടെ സമഗ്രമായ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ ടി. സിദ്ദിഖ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് പറയുന്നതിനുമുമ്പ് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി എന്ന നിലയിൽ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ചട്ടം 300 പ്രകാരം പ്രസ്തുത നോട്ടീസിൽ സൂചിപ്പിച്ച

കാര്യങ്ങളെ സംബന്ധിച്ച് സഭയിൽ വച്ചിട്ടുള്ളതാണ്. സാധാരണഗതിയിൽ ചട്ടം 300 പ്രകാരം സ്റ്റേറ്റ്മെന്റ് വച്ചൊരു കാര്യത്തെക്കുറിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ നോട്ടീസ് അനുവദിച്ച കീഴ്വഴക്കമില്ല. അങ്ങനെയൊരു കീഴ്വഴക്കമായി ഇത് മാറരുതെന്ന് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതൊരു പ്രത്യേകമായ വിഷയമാണ്, വയനാടിന്റെ പ്രത്യേകം സാഹചര്യമുണ്ട്. അതുസംബന്ധിച്ചാണ് നോട്ടീസ്. ഞാനത് കാണാതിരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങളെക്കുറിച്ച് സംസാരിക്കും. പക്ഷേ ഈയൊരു കീഴ്ച്ചവഴക്കം സഭയിൽ ഉണ്ടായിവരരുതെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചട്ടം 300-ൽ ഒരു ചർച്ചപോലും പാടില്ല. ചട്ടം 300 ഏകപക്ഷീയമായി ഒരു ഗവൺമെന്റിന്റെ നിലപാട്/സ്റ്റേറ്റ്മെന്റ് ആ ഗവൺമെന്റിനുവേണ്ടി ടേബിൾ ചെയ്യുന്നതാണ്. അതിനൊരു ചോദ്യമോ ചർച്ചയോ പാടില്ല. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമെന്നാൽ, സഭാ നടപടികൾ നിർത്തിവച്ച് ഇത് ഗൗരവത്തോടുകൂടി ചർച്ച ചെയ്യണം എന്നുള്ള കാര്യമാണ്. എല്ലാ അംഗങ്ങൾക്കും അതിൽ

സംസാരിക്കാനും വൈവിധ്യമാർന്ന ആംഗിളുകളിലൂടെ അഭിപ്രായം പ്രകടിപ്പിക്കാനും വേണ്ടിയാണ്. ഏകപക്ഷീയമായി ഗവൺമെന്റ് ഒരു സ്റ്റേറ്റ്മെന്റ് വയ്ക്കുമ്പോൾ കയ്യടിച്ച് എഴുന്നേറ്റുപോകുന്നതല്ല; പ്രതിപക്ഷത്തിന്റെയും ഭരണകക്ഷി അംഗങ്ങളുടെയും അഭിപ്രായങ്ങൾ ഉൾപ്പടെ എല്ലാവരുടെയും ജനങ്ങളുടെ പ്രതിനിധിയായി ഇവിടെ തിരഞ്ഞെടുക്കപ്പെട്ട് വന്നവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും അതിന്റെമീതെ ഡിബേറ്റ് നടക്കുകയും ഡിസ്കോഴ്സ് നടത്തപ്പെടുകയും ചെയ്യുന്ന ഫ്ലോറാണ് നിയമസഭ. ചട്ടം 300-ഉം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവും തമ്മിൽ യാതൊരു ബന്ധവുമില്ല. അതുകൊണ്ടാണ് നിയമവിരുദ്ധമായി പ്രീസിഡന്റാകരുതെന്ന് പറയുന്നത്. ചട്ടം 300-ഉം ചട്ടം 50-ഉം തമ്മിൽ വ്യത്യസ്തതയോടുകൂടി കാണണമെന്നാണ് എനിക്ക് അങ്ങയോടുള്ള അപേക്ഷ.

മി. സ്പീക്കർ: ഇതൊരു അനിതര സാധാരണമായ സാഹചര്യമാണ്. കാരണം വയനാട്ടിലുണ്ടായ ദുരന്തം രാജ്യമാകെ ഉറ്റുനോക്കിയ ദുരന്തമാണ്. ചട്ടം 300 നകത്ത് പ്രതിപക്ഷവും ട്രഷറി ബഞ്ചും യോജിച്ചുകൊണ്ടാണ് ചട്ടം 300 പാസ്സാക്കിയത്. ഇതൊരു പ്രീസിഡന്റായി മാറരുതെന്നുതന്നെയാണ്

ചെയറിന്റെ അഭിപ്രായം. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രസ്തുത വിഷയം സംബന്ധിച്ച് സംസാരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചൂരൽമല, മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്നാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. സർക്കാർ അതുമായി ബന്ധപ്പെട്ട നടപടികൾ ഗൗരവമായി സ്വീകരിച്ചുവരുന്ന വിവരം എല്ലാവർക്കും അറിയാവുന്നതാണ്. കേന്ദ്ര സഹായം അടിയന്തരമായി ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിനെക്കുറിച്ചാണ് അതോടൊപ്പം ഉന്നയിച്ചത്. ഇക്കഴിഞ്ഞ മന്ത്രിസഭായോഗത്തിന് മുമ്പ് ചേർന്ന മന്ത്രിസഭായോഗം ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആ വിവരവും ഈ സഭയുടെ മുന്നിൽ പ്രസ്താവിച്ചുകഴിഞ്ഞതാണ്. ഏതായാലും ഇതിനകത്തുള്ള ഏറ്റവും പോസിറ്റീവായ കാര്യം സംസ്ഥാനത്ത് ഇത്തരം ചില പ്രശ്നങ്ങളുണ്ടാകുമ്പോൾ നമുക്കെല്ലാം ഒരേ മനസ്സോടെ ഒന്നിച്ചുനിൽക്കാൻ കഴിയുമെന്ന സന്ദേശം രാജ്യത്തിനുമുന്നിൽ നൽകലാണ്. അതിനൊരവസരമായി ഇതിനെ ഞാൻ

കാണുകയാണ്. അതുകൊണ്ട് ഈ വിഷയം വിശദമായി ചർച്ച ചെയ്യാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഇന്നത്തെ റൂൾ 50 നോട്ടീസിൽ പരാമർശിക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച ചർച്ച ഉച്ചയ്ക്ക് 1.00 മണിക്ക് ആരംഭിക്കുന്നതാണ്. രണ്ടുമണിക്കൂർ സമയമാണ് ചർച്ചയ്ക്കായി നീക്കിവയ്ക്കുന്നത്. ഇന്ന് ശ്രദ്ധക്ഷണിക്കലും ഇരുപതോളം സബ്മിഷനുകളുമുള്ളതുകൊണ്ട് ചുരുക്കി അവതരിപ്പിക്കാൻ ശ്രമിക്കണമെന്നാണ് അംഗങ്ങളോടും മന്ത്രിമാരോടും സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ദിവസങ്ങളിൽ സബ്മിഷനൊക്കെ അവതരിപ്പിക്കുന്നതും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുന്നതുമൊക്കെ വളരെ ദൈർഘ്യമുള്ളതായിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ ചെയറുമായി സഹകരിച്ചാൽ മാത്രമേ നിശ്ചയിച്ച നടപടിക്രമങ്ങൾ സമയത്തിനുള്ളിൽ തീർക്കാൻ സാധിക്കുകയുള്ളൂ.